**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 265** **15-02-2024 - ൽ മറുപടിയ്ക്ക്**

**ഇന്ത്യ വേജ് റിപ്പോർട്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . കെ .ഡി .പ്രസേനൻ ,<br>ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീ വി ജോയി | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ഇന്റർനാഷണൽ ലേബർ ഓർഗനൈസേഷൻ തയ്യാറാക്കിയ ഇന്ത്യ വേജ് റിപ്പോർട്ട് അനുസരിച്ച് ഗ്രാമങ്ങളിലും നഗരങ്ങളിലും സ്ഥിരമായി ഉയർന്ന കാഷ്വൽ വേതനമുള്ള സംസ്ഥാനങ്ങളുടെ പട്ടികയിൽ കേരളം ഉൾപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. Wage Policies for Decent Work & Inclusive Growth-നെ അടിസ്ഥാനമാക്കി 2018-ൽ ഇന്റർനാഷണൽ ലേബർ ഓർഗനൈസേഷൻ പ്രസിദ്ധീകരിച്ച ഇന്ത്യാ വേജ് റിപ്പോർട്ടിൽ നഗരങ്ങളിലെയും ഗ്രാമങ്ങളിലെയും കാഷ്വൽ തൊഴിലാളികളുടെ സംസ്ഥാനതല ശരാശരി വേതനം താരതമ്യപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ ഗ്രാമങ്ങളിലും നഗരങ്ങളിലും ഏറ്റവും കൂടുതൽ കാഷ്വൽ വേതനമുള്ള സംസ്ഥാനങ്ങളിലൊന്നായി കേരളത്തെ ഉൾപ്പെടുത്തിയിട്ടുണ്ട്. മിനിമം വേതന നിയമ പ്രകാരം സംസ്ഥാനത്ത് വിവിധ മേഖലകളിൽ മിനിമം വേതനം നടപ്പിലാക്കി വരുന്നതും തൊഴിലാളികളുടെ വേതന പരിഷ്കരണം, തൊഴിൽ തർക്കങ്ങൾ തുടങ്ങിയ വിഷയങ്ങളിന്മേൽ ചർച്ചകൾ നടത്തി സമവായത്തിലെത്തിച്ചേരുന്നതിനായി സംസ്ഥാനത്ത് തൊഴിൽ വകുപ്പിന്റെ കീഴിൽ വ്യവസായ ബന്ധസമിതികൾ പ്രവർത്തിച്ചു വരുന്നതും ഈ അംഗീകാരം ലഭ്യമാകാൻ കാരണമായിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്ത് തൊഴിലാളികളുടെയും ജീവനക്കാരുടെയും ഉയർന്ന വേതനത്തിന് സാധ്യമാക്കിയ ഘടകങ്ങളെ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ഉണ്ട്. മിനിമം വേതന നിയമ പ്രകാരം സംസ്ഥാനത്ത് 87 തൊഴിൽ മേഖലകളെ മിനിമം വേതന നിയമത്തിന്റെ ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുള്ളതും 85 മേഖലകളിലെ മിനിമം വേതനം നിശ്ചയിക്കുകയും പുതുക്കി നിശ്ചയിക്കുകയും ചെയ്തിട്ടുള്ളതുമാണ്. മിനിമം വേതന ഉപദേശക സമിതിയുടെ കീഴിൽ രൂപീകരിച്ചിട്ടുള്ള മിനിമം വേതന ഉപസമിതികൾ സംസ്ഥാനത്തിന്റെ വിവിധ പ്രദേശങ്ങളിലെ തൊഴിലാളി, തൊഴിലുടമ, ട്രേഡ് യൂണിയൻ പ്രതിനിധികളിൽ നിന്നും വിവരങ്ങൾ ലഭ്യമാക്കുന്നതിന്റെ അടിസ്ഥാനത്തിലും, മിനിമം വേതന നിയമപ്രകാരമുള്ള നടപടി ക്രമങ്ങൾ പാലിച്ചുമാണ് മിനിമം വേതനം നിശ്ചയിച്ചുവരുന്നത്. മറ്റു സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ |

| | | | |
|---|---|---|---|
| | | | കേരളത്തിൽ സാമൂഹ്യ, സാമ്പത്തിക, ആരോഗ്യ മേഖലകളിൽ ഉയർന്ന ജീവിത നിലവാരമാണ് ഉള്ളത്. ആയതിനാൽ ഉയർന്ന ജീവിത നിലവാരം ആസ്പദമാക്കിയാണ് ഉയർന്ന വേതനം നിശ്ചയിച്ചിട്ടുള്ളത്. തൊഴിലാളികളുടെ വേതനം ഉറപ്പു വരുത്തുന്നതിനുവേണ്ടി തൊഴിൽ വകുപ്പ് നടപ്പിലാക്കി വരുന്ന വേതന സുരക്ഷ പദ്ധതിയും, തൊഴിലാളികളുടെ അവകാശങ്ങൾക്കു വേണ്ടിയുള്ള ട്രേഡ് യൂണിയനുകളുടെ ശക്തമായ ഇടപെടലുകളും മറ്റും സംസ്ഥാനത്തെ തൊഴിലാളികളുടെയും ജീവനക്കാരുടെയും ഉയർന്ന വേതനം സാദ്ധ്യമാക്കുന്നതിന് അനുകൂലമായ ഘടകങ്ങളാണ്. |
| (സി) | സംസ്ഥാനത്ത് മിനിമം വേതനം ഉറപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; ഏതെല്ലാം മേഖലകളിൽ മിനിമം വേതനം ഉറപ്പാക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വിശദമാക്കാമോ? | (സി) | സംസ്ഥാനത്ത് മിനിമം വേതനം നിശ്ചയിച്ചിട്ടുള്ള 85 മേഖലകളിലും ആയത് ഉറപ്പാക്കുന്നതിന് തൊഴിൽ വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം പ്രവർത്തിച്ചു വരുന്നു. സ്ഥാപന പരിശോധനകൾ നടത്തി മിനിമം വേതനം നൽകാത്ത തൊഴിലുടമകൾക്ക് ആയത് നൽകുന്നതിന് നോട്ടീസ് നൽകുകയും തുടർന്ന് മിനിമം വേതനം നൽകാതിരിക്കുന്ന തൊഴിലുടമകൾക്ക് എതിരെ ക്ലെയിം പെറ്റീഷൻ ഫയൽ ചെയ്യുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. കൂടാതെ തൊഴിൽ വകുപ്പ് നടപ്പിലാക്കിയിട്ടുള്ള വേജ് പ്രൊട്ടക്ഷൻ സിസ്റ്റം (WPS) മുഖേന തൊഴിലാളികൾക്കും ശമ്പളം അവരുടെ ബാങ്ക് അക്കൗണ്ടുകളിൽ നേരിട്ട് എത്തുന്നതിനാൽ തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥർക്ക് സ്ഥാപനത്തിൽ നേരിട്ട് പരിശോധന നടത്താതെ തന്നെ മിനിമം വേതനം തൊഴിലാളികൾക്ക് ലഭിക്കുന്നു എന്നത് ഉറപ്പു വരുത്തുവാൻ സാധിക്കുന്നു. |

സെക്ഷൻ ഓഫീസർ